ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 30.09.2026**

## പ്രധാനവാർത്തകൾ

1. ലോകത്ത് നിന്ന് ആണവായുധങ്ങൾ പൂർണ്ണമായി ഇല്ലാതാക്കുന്നതിനുള്ള പ്രതിബദ്ധത ഐക്യരാഷ്ട്ര സഭയിൽ ആവർത്തിച്ച് ഇന്ത്യ.
2. സ്വകാര്യ ആശുപത്രികൾ കാൻസർ മരുന്നുകൾക്ക് അമിതവില ഈടാക്കുന്നതിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി സുപ്രീം കോടതി.
3. തിരുവനന്തപുരത്ത് നടന്നുവന്ന, 18-ാമത് അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേളയ്ക്ക് ഇന്ന് തിരശീല വീഴും. സമാപന സമ്മേളനം കൈരളി തിയേറ്ററിൽ മുഖ്യമന്ത്രി വി ഡി സതീശൻ ഉദ്ഘാടനം ചെയ്യും.
4. നാളെ അന്താരാഷ്ട്ര വയോജന ദിനം; സംസ്ഥാനത്ത് വിവിധ വയോജന ക്ഷേമ പദ്ധതികൾക്ക് മുഖ്യമന്ത്രി തുടക്കം കുറിക്കും.
5. തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര മേഖലയ്ക്ക് കുതിപ്പേകി വേളി - കഠിനംകുളം സോളാർ ബോട്ട് സർവീസിന് തുടക്കമായി.

RNUTVPM

6. ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കിന്ന് സുവർണ്ണ ദിനം. അമ്പെയ്ത്തിലും ഷൂട്ടിങ്ങിലുമുൾപ്പടെ മൂന്ന് സ്വർണ്ണ മെഡലുകൾ നേടി ഇന്ത്യൻ താരങ്ങൾ.

## ഇന്ത്യ ഐക്യരാഷ്ട്രസഭ

ആണവായുധങ്ങളുടെ സമ്പൂർണ്ണ ഉന്മൂലനത്തോടുള്ള പ്രതിബദ്ധത ആവർത്തിച്ച് ഇന്ത്യ. ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭ ആസ്ഥാനത്ത്, ആണവായുധങ്ങളുടെ സമ്പൂർണ്ണ ഉന്മൂലനത്തിനായുള്ള അന്താരാഷ്ട്ര ദിനാചരണത്തോടനുബന്ധിച്ച് നടന്ന ഉന്നതതല പ്ലീനറി യോഗത്തിൽ ഇന്ത്യയുടെ പ്രസ്താവന വിദേശകാര്യ മന്ത്രാലയ സെക്രട്ടറി സിബി ജോർജ് അവതരിപ്പിച്ചു.

## സുപ്രീം കോടതി

സ്വകാര്യ ആശുപത്രികൾ കാൻസർ മരുന്നുകൾക്ക് അമിതവില ഈടാക്കുന്നതിൽ കടുത്ത ആശങ്ക രേഖപ്പെടുത്തി സുപ്രീം കോടതി. എല്ലാ മരുന്നുകൾക്കും 16 ശതമാനം എന്ന ഏകീകൃത ലാഭവിഹിതം ഏർപ്പെടുത്തണമെന്നും കോടതി നിർദ്ദേശിച്ചു. മരുന്നുകളുടെ വില നിയന്ത്രണം അടക്കമുള്ള വിഷയങ്ങളിലെ ഹർജികൾ പരിഗണിക്കുകയായിരുന്നു സുപ്രീം കോടതി. കോർപ്പറേറ്റ് ആശുപത്രികൾ സ്വന്തം ഫാർമസികളിൽ നിന്ന് തന്നെ മരുന്ന് വാങ്ങാൻ രോഗികളെ നിർബന്ധിക്കുന്നു എന്ന പരാതി പരിശോധിക്കാൻ കോടതി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

## അന്താരാഷ്ട്ര വയോജന ദിനം

അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിൻറെ ഭാഗമായി വിവിധ വയോജന ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി. ഡി. സതീശൻ നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. ദീർഘമായ ജീവിതത്തിനായി സംവിധാനങ്ങളുടെ പുനർവിചിന്തനം എന്നതാണ് ഈ വർഷത്തെ പ്രമേയം. വയോജന ദിനാഘോഷ പ്രചാരണാർഥം ഇന്ന് രാവിലെ

RNUTVPM

സംഘടിപ്പിച്ച വാക്കത്തോണും, സൈക്കിൾ റാലിയും മുഖ്യമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

## അന്താരാഷ്ട്ര ഡോക്യുമെൻററി (ഇൻട്രോ)

18-ാമത് കേരള അന്താരാഷ്ട്ര ഡോക്യുമെൻററി, ഹ്രസ്വചിത്ര മേളയ്ക്ക് ഇന്ന് തിരശീല വീഴും. സമാപന സമ്മേളനം തിരുവനന്തപുരം കൈരളി തിയേറ്ററിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. മന്ത്രി പി.സി. വിഷ്ണുനാഥ് അധ്യക്ഷത വഹിക്കും. ചലച്ചിത്രപ്രവർത്തക നിന സബ്നാനിക്ക് ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് മുഖ്യമന്ത്രി സമ്മാനിക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്**

**(വോയ്സ്)**

RNU TVPM

## പി.കെ. കുഞ്ഞാലിക്കുട്ടി - ഐടി മിഷൻ

സംസ്ഥാനത്ത് ഡിജിറ്റൽ സേവനങ്ങൾ കൂടുതൽ ലളിതവും സുതാര്യവുമാക്കുന്നത് ലക്ഷ്യമിട്ടുള്ള അഞ്ചു പുതിയ സംരംഭങ്ങളുടെ ഉദ്ഘാടനം മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി തിരുവനന്തപുരത്ത് നിർവ്വഹിച്ചു. നമ്മുടെ കേരളം 2.0 ആപ്പ്, കേരള സിറ്റിസൺ എക്സ്പീരിയൻസ് ഇൻഡക്സ് പോർട്ടൽ, വാട്ട്സ്ആപ്പ് വഴിയുള്ള സർക്കാർ സേവനങ്ങൾ, എഐ ചാറ്റ്ബോട്ട്, കേരള ആർട്ടിഫിഷ്യൽ ഇൻറലിജൻസ് എന്നി സംരംഭങ്ങൾക്കാണ് തുടക്കമായത്. സംസ്ഥാന സർക്കാരിൻറെ 100 ദിന കർമപദ്ധതിയുടെ ഭാഗമായി, കേരള സ്റ്റേറ്റ് ഐടി മിഷനാണ് പദ്ധതികൾ ആവിഷ്കരിച്ചത്.

## സോളാർ ബോട്ട്

തിരുവനന്തപുരം ജില്ലയിലെ വിനോദസഞ്ചാര മേഖലയ്ക്ക് കുതിപ്പേകി വേളി - കഠിനംകുളം സോളാർ ബോട്ട് സർവീസിന് തുടക്കമായി. മന്ത്രി സി.പി

ജോൺ ഉദ്ഘാടനം നിർവഹിച്ചു. ഭാവിയിൽ വേളിയെ കേരളത്തിലെ ഏറ്റവും വലിയ ട്രാൻസ്പോർട്ട് ഹബ്ബാക്കി മാറ്റുമെന്ന് മന്ത്രി പറഞ്ഞു. നിലവിൽ 24 പേർക്ക് സഞ്ചരിക്കാവുന്ന ബോട്ടാണ് സർവീസ് നടത്തുന്നത്. തിരുവനന്തപുരം മേയർ വി വി രാജേഷ് ആദ്യ ടിക്കറ്റ് വിതരണം നിർവ്വഹിച്ചു.

## എറണാകുളം (ഇൻട്രോ)

വേമ്പനാട് ജൈവവൈവിധ്യം അടുത്തറിയാൻ അവസരമൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം സംഘടിപ്പിച്ച കായൽ യാത്ര. പതിനഞ്ചോളം ചെറുദ്വീപുകൾ ചുറ്റിക്കണ്ട യാത്രാസംഘം, സ്വച്ഛത കാമ്പയിൻറെ ഭാഗമായി കായലോരങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഉൾപ്പടെ ശേഖരിച്ച് പരിസരം ശുചിയാക്കി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി എറണാകുളം ജില്ലാ പ്രതിനിധി പി നഹീമ.....

( വോയിസ്...)

RNU TVPM

## ശുചീകരണ യജ്ഞം - കണ്ണാശുപത്രി

തിരുവനന്തപുരം നഗരസഭയുടെ നേതൃത്വത്തിൽ സർക്കാർ കണ്ണാശു പത്രിയിൽ മെഗാ ശുചീകരണ ക്യാമ്പയിൻ സംഘടിപ്പിച്ചു. മേയർ വി വി രാജേഷ് ഉദ്ഘാടനം ചെയ്തു. പരിസരം വൃത്തിയായി സൂക്ഷിക്കുക എന്ന സന്ദേശം ജനങ്ങളിലേക്ക് എത്തിക്കാൻ ഇത്തരം ക്യാമ്പയിനുകൾ സഹായിക്കുമെന്ന് മേയർ അഭിപ്രായപ്പെട്ടു.

## സേവാ സങ്കൽപ് അഭിയാൻ

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തിനായി കേന്ദ്ര

സർക്കാർ ആവിഷ്ക്കരിച്ച 'മിഷൻ ലൈഫ്' പദ്ധതിയെക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്. സുസ്ഥിര ജീവിത ശൈലി പ്രോത്സാഹിപ്പിക്കുന്നതിനായി ഇന്ത്യ മുന്നോട്ടുവച്ച ആഗോള ബഹുജന പ്രസ്ഥാനമാണ് 'മിഷൻ ലൈഫ്'. 2022 ഒക്ടോബറിലാണ് പ്രധാനമന്ത്രി ഉദ്ഘാടനം നിർവഹിച്ചത്. ലളിതവും ബോധപൂർവ്വവുമായ വിഭവ വിനിയോഗത്തിലൂടെ പരിസ്ഥിതിക്ക് അനുകൂലമായ ആഗോള സൗഹൃദ കൂട്ടായ്മ സൃഷ്ടിക്കുകയാണ് ദൗത്യത്തിന്റെ ലക്ഷ്യം.

## ഏഷ്യൻ ഗെയിംസ്

ഏഷ്യൻ ഗെയിംസിൽ ഇന്ത്യയ്ക്കിന്ന് സുവർണ്ണ ദിനം. അമ്പെയ്ത്ത് വനിതാ കോമ്പൗണ്ട് ടീം ഇനത്തിൽ ജ്യോതി സുരേഖ വെന്നം, പ്രിതിക പ്രദീപ്, ചികിത തനിപാർത്തി എന്നിവർ സ്വർണം നേടി. കോമ്പൗണ്ട് മിക്സഡ് ഇനത്തിൽ സാഹിൽ ജാദവ്, ചികിത തനിപാർത്തി സഖ്യവും സ്വർണ മെഡൽ സ്വന്തമാക്കി. ഷൂട്ടിംഗിൽ ട്രാപ്പ് മിക്സഡ് ഇനത്തിൽ കിനാൻ ചെനായ് - നീരു ദണ്ഡ സഖ്യത്തിനും സ്വർണ മെഡൽ ലഭിച്ചു. ബോക്സിംഗ് 60 കിലോഗ്രാം വിഭാഗത്തിൽ പ്രിയ ഘംഗാസ് വെങ്കല മെഡൽ നേടി. മെഡൽ ജേതാക്കളെ രാഷ്ട്രപതി ദ്രൗപദി മുർമു അഭിനന്ദിച്ചു. നിലവിൽ, 9 സ്വർണ്ണവും 21 വെള്ളിയും 27 വെങ്കലവും ഉൾപ്പെടെ 57 മെഡലുകളുമായി ഇന്ത്യ എട്ടാം സ്ഥാനത്താണ്.

RNU TVPM

## മെഡൽ ജേതാക്കൾ

ഏഷ്യൻ ഗെയിംസ് ഷൂട്ടിങ്ങിലെ മെഡൽ ജേതാവായ വിദർശ കെ.വിനോദ്, ബാഡ്മിന്റണിൽ വെങ്കലം നേടിയ എം ആർ അർജുൻ എന്നിവർ മുഖ്യമന്ത്രിയെ സന്ദർശിച്ചു. മന്ത്രി ഓ ജെ ജനീഷ് സന്നിഹിതനായിരുന്നു.

## ഇന്ത്യ- വെസ്റ്റ് ഇൻഡീസ് - ക്രിക്കറ്റ്

ഇന്ത്യ- വെസ്റ്റ് ഇൻഡീസ് ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഇന്ന് ഗുവാഹത്തിയിൽ നടക്കും. ഉച്ചയ്ക്ക് 2 മണിക്കാണ് മത്സരം. മൂന്ന് മത്സരങ്ങളുള്ള പരമ്പരയിൽ നിലവിൽ ഇന്ത്യ 1-0 ത്തിന് മുന്നിലാണ്.

## കാലാവസ്ഥ

കേരളം, തമിഴ്നാട്, കർണാടകയുടെ ഉൾപ്രദേശങ്ങൾ, മാഹി, വടക്കു കിഴക്കൻ സംസ്ഥാനങ്ങളുടെ ചില ഭാഗങ്ങൾ എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തീരദേശ ആന്ധ്രാപ്രദേശ്, പുതുച്ചേരി, ഒഡീഷ, മധ്യപ്രദേശ് എന്നിവിടങ്ങളിലും ഇന്ന് ഇടിമിന്നലോടു കൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. സംസ്ഥാനത്ത് പത്തനംതിട്ട , ഇടുക്കി ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

## ഇടുക്കി (വോയ്സ്)

ഇടുക്കി ജില്ലയിലെ എസ്.സി, എസ്.ടി ഉന്നതികളിൽ ഉള്ളവർക്കായി സാക്ഷരതാ മിഷന്റെ പ്രത്യേക തുല്യതാ പഠന പദ്ധതി തയ്യാറായി. നിരക്ഷരർക്കും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്തവർക്കും വീണ്ടും പഠിക്കാൻ അവസരമൊരുങ്ങുന്നു. ഒക്ടോബർ 12 വരെയുള്ള രജിസ്ട്രേഷനായി പ്രത്യേക ക്യാമ്പയിൻ ജില്ലയിൽ സംഘടിപ്പിക്കും.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ല പ്രതിനിധി രതീഷ് കൃഷ്ണ...**

(വോയ്സ്)

## എം എ കൃഷ്ണൻ അന്തരിച്ചു

കേസരി വാരികയുടെ പത്രാധിപരും ബാലഗോകുലം, തപസ്യ, ബാല സംസ്കാര കേന്ദ്രം പ്രസ്ഥാനങ്ങളുടെ സ്ഥാപക നേതാക്കളിലൊരാളുമായ എം.എ കൃഷ്ണന്റെ സംസ്കാര ചടങ്ങുകൾ ഇന്ന് വൈകിട്ട് 5 മണിയ്ക്ക് നടക്കും. മികച്ച മാതൃകാ പൊതു പ്രവർത്തകനെയാണ് നഷ്ടമായതെന്ന് ഗോവ മുൻ ഗവർണർ പി.എസ് ശ്രീധരൻ പിള്ള അനുശോചന സന്ദേശത്തിൽ പറഞ്ഞു.

RNU TVPM

## ബാലാവകാശ കമ്മീഷൻ

സ്കൂൾ കൗൺസിലർമാരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മാർഗ നിർദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ. സ്കൂൾ കൗൺസിലർമാർക്കായി കോഴിക്കോട് സംഘടിപ്പിച്ച ഏകദിന പരിശീലനത്തിൽ ഉയർന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ്റെ നിർദേശം. 200- ഓളം കൗൺസിലർ മാരാണ് പരിപാടിയിൽ പങ്കെടുത്തത്.

## റബർ ടാപ്പിംഗ്

കോട്ടയത്ത് റബർ ബോർഡിൻറെ നേതൃത്വത്തിൽ കേരളത്തിലെ റബർ ടാപ്പിംഗ് തൊഴിലാളികളുടെ ചരിത്രസംഗമം സംഘടിപ്പിച്ചു. ടാപ്പിംഗ് തൊഴിലാളികളുടെ ഇൻഷുറൻസ് പരിരക്ഷയും ചികിത്സാ ആനുകൂല്യ ങ്ങളും വിപുലീകരിക്കുന്നത് പരിഗണിക്കുമെന്ന് റബർ ബോർഡ് ചെയർമാൻ എൻ. ഹരി അറിയിച്ചു. വന്യജീവി ആക്രമണങ്ങൾ തടയാൻ സംസ്ഥാന സർക്കാരുമായി ചേർന്ന് നടപടികൾ ശക്തിപ്പെടുത്താനും തീരുമാനമായി.

RNU TVPM

## ജല വിതരണം തടസ്സപ്പെടും

തിരുവനന്തപുരം ശ്രീകാര്യം മേൽപ്പാല നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടക്കുന്നതിനാൽ തിരുവനന്തപുരം നഗരസഭയിലെ ശ്രീകാര്യം, ചെറുവയ്ക്കൽ, കാര്യവട്ടം, ഉൾപ്പെടെ 10 വാർഡുകളിലേക്കുള്ള കുടിവെള്ള വിതരണം വെള്ളിയാഴ്ച പൂർണമായും ഞായറാഴ്ച വരെ ഭാഗികമായും തടസ്സപ്പെടും.